**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6125 — 20.11.2019 ലെ മറുപടിയ്ക്ക്.

## കോന്നി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.യു. ജനീഷ് കുമാർ | | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ ഏതെല്ലാം പദ്ധതികളാണ് കോന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന കോന്നി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) ഭവന നിർമ്മാണം (സ്പിൽ ഓവർ)<br>2) പഠനമുറി<br>3) ദുർബ്ബലവിഭാഗ പുനരധിവാസം<br>4) വീട് പുനരുദ്ധാരണം<br>5) വിവാഹധനസഹായം<br>6) മിശ്രവിവാഹധനസഹായം<br>7) ചികിത്സാധനസഹായം<br>8) വാത്സല്യനിധി<br>9) സ്വയംതൊഴിൽ പദ്ധതി<br>10) പ്രത്യേക പ്രോത്സാഹന സമ്മാനം<br>11) ഭൂരഹിത ഭവനരഹിത പുനരധിവാസം<br>12) അയ്യൻകാളി സ്കോളർഷിപ്പ്<br>13) ഏകവരുമാനദായകന്റെ മരണം ധനസഹായം<br>14) കോർപ്പസ് ഫണ്ട് പദ്ധതി<br>15) അംബേദ്കർ സ്വാശ്രയഗ്രാമം (2016-17, 2019-20)<br>16) സ്വയം പര്യാപ്തഗ്രാമം 2013-14<br><br>പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി നൊമാഡിക് ജീവിതശൈലി പിന്തുടരുന്ന മലമ്പണ്ടാര കുടുംബങ്ങൾക്ക് ഭക്ഷ്യ സഹായ പദ്ധതി, താൽക്കാലിക ഷെഡ് നിർമ്മാണത്തിനുള്ള വാട്ടർ പ്രൂഫ് സിൽപ്പോളിൻ പ്രീമിയം ഷീറ്റുകൾ വിതരണം, ഭവന നിർമ്മാണം, വനാവകാശ നിയമപ്രകാരമുള്ള കൈവശ രേഖകൾ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് കൈവശരേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു. കൂടാതെ ഭവന പുനരുദ്ധാരണം, ആവണിപ്പാറ കോളനി വൈദ്യുതീകരണം എന്നിവയും നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ സങ്കേതം സമഗ്ര |

<table>
<tr><td></td><td></td><td></td><td>വികസന പദ്ധതിയുടെ ഭാഗമായി കൈതക്കാര പട്ടികവർഗ്ഗ സങ്കേതത്തിൽ ഒരു കോടി രൂപയുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അംബേദ്കർ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?</td><td>(ബി)</td><td>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>പദ്ധതികൾ</th><th>ആകെ എണ്ണം</th></tr>
<tr><td>1</td><td>ഭവന നിർമ്മാണം</td><td>129</td></tr>
<tr><td>2</td><td>പഠനമുറി</td><td>155</td></tr>
<tr><td>3</td><td>ദുർബല വിഭാഗ പുനരധിവാസം</td><td>1</td></tr>
<tr><td>4</td><td>വീട് പുനരുദ്ധാരണം</td><td>92</td></tr>
<tr><td>5</td><td>വിവാഹധനസഹായം</td><td>279</td></tr>
<tr><td>6</td><td>മിശ്രവിവാഹധനസഹായം</td><td>39</td></tr>
<tr><td>7</td><td>ചികിത്സാധനസഹായം</td><td>591</td></tr>
<tr><td>8</td><td>വാത്സല്യനിധി</td><td>28</td></tr>
<tr><td>9</td><td>സ്വയംതൊഴിൽ പദ്ധതി</td><td>5</td></tr>
<tr><td>10</td><td>പ്രത്യേക പ്രോത്സാഹന സമ്മാനം</td><td>363</td></tr>
<tr><td>11</td><td>ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി</td><td>148</td></tr>
<tr><td>12</td><td>അയ്യങ്കാളി സ്കോളർഷിപ്പ്</td><td>8</td></tr>
<tr><td>13</td><td>ഏക വരുമാന ദായകന്റെ മരണം ധനസഹായം</td><td>1</td></tr>
</table>
കോന്നി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം റോഡ് കോൺക്രീറ്റിംഗ്, കുടിവെള്ള വിതരണം, സംരക്ഷണഭിത്തി നിർമ്മാണം, റോഡ് നിർമ്മാണം എന്നീ ഇനങ്ങളിലായി 18 പ്രവർത്തികൾക്കായി 1,62,76,000/- രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തികൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.
സ്വയം പര്യാപ്തഗ്രാമപദ്ധതി (2013-14) പ്രകാരം കോന്നി നിയോജകമണ്ഡലത്തിലെ വാഴമുട്ടം, പട്ടികജാതി കോളനി (വള്ളിക്കോട്), കട്ടച്ചിറ കോളനി (ചിറ്റാർ ഗ്രാമപഞ്ചായത്ത്) എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസനം 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന 4 കോളനികൾ തെരെഞ്ഞെടുത്ത് </td></tr>
</table>

| | | | |
|---|---|---|---|
| | | | ഓരോ കോടി രൂപ വീതം ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>1. തലയറ കോളനി - പണിപൂർത്തീകരിച്ചു.<br>2. കണ്ണൻമല പയ്യനാമൺ - 90% പണി പൂർത്തീകരിച്ചിട്ടുണ്ട്.<br>3. മണിയൻപാറ കോളനി - പ്രാരംഭ നടപടികൾ ആരംഭിച്ചു.<br>4. പൂവള്ളി മുരപ്പേൽ കോളനി - പ്രാരംഭ നടപടികൾ ആരംഭിച്ചു.<br><br>അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതി (2019-20) പ്രകാരം മുല്ലന്നൂ HSS വട്ടവിള കോളനി വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വികസന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ഒരു കോടിയുടെ വികസന പദ്ധതിയ്ക്ക് 20% തുക മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. സിൽ പോളിൻ ഷീറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ